# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1977

15/7/2016 -ൽ മറുപടിക്ക്

## കുടിവെള്ള പദ്ധതികളുടെ നിർമ്മാണം

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

(എ) റാന്നി മേജർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഏതു ഘട്ടം വരെയായി എന്നും പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും പദ്ധതിയുടെ എന്തൊക്കെ പണികളാണ് ഇനി പൂർത്തിയാക്കാനുള്ളതെന്നും പണി പൂർത്തിയാക്കി പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്നും വിശദമാക്കുമോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന അയിരൂർ, കാഞ്ഞീറ്റുകര, പെരുനാട്, അത്തിക്കയം, കൊല്ലമുള കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി പ്രത്യേകം വിശദമാക്കാമോ; ഓരോ പദ്ധതിക്കായും വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും ഇവയുടെ നിർമ്മാണം പൂർത്തീകരിച്ച് എന്ന് കമ്മീഷൻ ചെയ്യാനാകും എന്നും വിശദമാക്കുമോ;

**മറുപടി**

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം പൂർണ്ണമായും, രണ്ടാം ഘട്ടത്തിന്റെ ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1686.83 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിന് 1458.99 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിതരണ ശൃംഖല ദീർഘിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. കരാർ നൽകി കഴിഞ്ഞ പ്രസ്തുത പ്രവൃത്തികൂടി പൂർത്തിയായാൽ പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാവുന്നതാണ്. നിലവിൽ പദ്ധതി 02/2017-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

**(1) അയിരൂർ-കാഞ്ഞീറ്റുകര കുടിവെള്ള പദ്ധതി**

അടങ്കൽ തുക – 1400 ലക്ഷം രൂപ.

അയിരൂർ-കാഞ്ഞീറ്റുകര പദ്ധതിയുടെ ജലശുദ്ധീകരണശാലയിൽ നിന്നും കാഞ്ഞീറ്റുകര ടാങ്കിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ പണികൾ പൂർത്തീകരിച്ചു. ഇൻടേക്ക് കിണറിന്റെ പണി പൂർത്തീകരിച്ച് സൈറ്റ് ഡെവലപ്മെന്റ് പണികൾ നടന്നുവരുന്നു. ഇൻടേക്ക് കിണർ മുതൽ ജലശുദ്ധീകരണശാല വരെയുള്ള റോ വാട്ടർ

പമ്പിംഗ് മെയിനിന്റെയും തേക്കുങ്ങൽ ടാങ്കിലേക്കുള്ള ഗ്രാവിറ്റി ലൈനിന്റെയും പണികൾ കരാർ നൽകി പദ്ധതി 3/2017-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

**(2) <u>പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതി</u>**

അടങ്കൽ തുക — 1400 ലക്ഷം രൂപ

ടി പദ്ധതിയുടെ റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ഗ്രാവിറ്റി മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നീ ഘടകങ്ങളുടെ പണികൾ പൂർത്തിയായി. നിലവിലുള്ള ഇൻടേക്ക് കിണറിന്റെയും പമ്പ് ഹൗസിന്റെയും നവീകരണത്തിനുള്ള എസ്റ്റിമേറ്റ് ഡി.എസ്.ആർ (ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ്) പ്രകാരം പരിഷ്കരിച്ചുവരുന്നു. ജല ശുദ്ധീകരണശാല പ്രവർത്തിപ്പിക്കാനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനെ സംബന്ധിച്ചും പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചുമുള്ള നടപടികൾ പുരോഗമിക്കുന്നു. നാറാണംമൂഴി പഞ്ചായത്തിൽ പണിയേണ്ട ഭൂതലസംഭരണിക്കാവശ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടില്ല. 03/2017-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

**(3) <u>കൊല്ലമുള ശുദ്ധജല വിതരണ പദ്ധതി</u>**

അടങ്കൽ തുക — 800 ലക്ഷം രൂപ.

കൊല്ലമുള ശുദ്ധജലവിതരണ പദ്ധതിയിൽ എരുമേലി ജലശുദ്ധീകരണശാല മുതൽ വെൺകുറിഞ്ഞി സമ്പ് വരെയുള്ള ക്ലിയർ വാട്ടർ ഗ്രാവിറ്റി ലൈനിന്റെ പണി പൂർത്തിയായി. വെൺകുറിഞ്ഞി സമ്പിന്റെയും വെൺകുറിഞ്ഞി മുതൽ പാമ്പിരിക്കും പാറ വരെയുള്ള പമ്പിംഗ് മെയിനിന്റെയും പണി പുരോഗമിക്കുന്നു. വെൺകുറിഞ്ഞി മുതൽ ഓലിക്കൽ വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ പണിയുടെ കരാർ

നൽകി. ഓലിക്കൽ സമ്പിന്റെയും ഓലിക്കൽ മുതൽ തലമുട്ടയാനി വരെയുള്ള പമ്പിംഗ് മെയിനിന്റെയും എസ്റ്റിമേറ്റ് ഡി.എസ്.ആർ (ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ്) പ്രകാരം റിവൈസ് ചെയ്തു വരുന്നു. ജലസംഭരണികളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതി 06/2017-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത കൊറ്റനാട്-അങ്ങാടി, ചെറുകോൽ, റാന്നി, കോട്ടാങ്ങൽ, ആനിക്കാട്, നിലയ്ക്കൽ പദ്ധതികളുടെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ; ഇവ ഓരോന്നിനും അനുവദിച്ച തുക വിശദീകരിക്കാമോ; ഇവയിൽ ഏതെങ്കിലും പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതു പദ്ധതിക്ക് എന്തു തടസ്സമാണ് നേരിടുന്നതെന്നും വ്യക്തമാക്കാമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

(സി) 1. **റാന്നി-അങ്ങാടി-കൊറ്റനാട് പദ്ധതി**

അടങ്കൽ തുക – 1150 ലക്ഷം രൂപ.
പദ്ധതിക്കാവശ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

2. **ചെറുകോൽ കുടിവെള്ള പദ്ധതി**

ചെറുകോൽ-നാരങ്ങാനം-റാന്നി (പാർട്ട്)-ഫേസ്-1 കുടിവെള്ള പദ്ധതിക്കായി 1940 ലക്ഷം രൂപയുടെ ഒരു പ്രോജക്റ്റ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

3. **മല്ലപ്പള്ളി-ആനിക്കാട്-കോട്ടങ്ങൽ പദ്ധതി**

അടങ്കൽ തുക – 798 ലക്ഷം രൂപ.
കരാർ നൽകി. ജലശുദ്ധീകരണശാലയുടെ ഡിസൈൻ പരിശോധിച്ചുവരുന്നു.

4. **സീതത്തോട്-പെരുനാട് (നിലയ്ക്കൽ) പദ്ധതി**

അടങ്കൽ തുക – 909 ലക്ഷം രൂപ.
ഇൻടേക്ക് കിണർ, ജലശുദ്ധീകരണശാല എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ